# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം – 4483 27/06/2013 ൽ മറുപടിക്ക്

## തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ പൊതുമരാമത്ത് റോഡുകളുടെ പ്രവൃത്തി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. കോടിയേരി ബാലകൃഷ്ണൻ** | | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിനുകീഴിൽ എത്ര റോഡുകൾക്ക് എന്തു തുക വീതം നീക്കിവെച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;<br>(ബി) ഓരോ പ്രവൃത്തിയുടെയും വിശദാംശം ലഭ്യമാക്കുമോ ; | (എ) & (ബി) | തലശ്ശേരി - മാഹി ബൈപ്പാസ് റോഡിന് 5 കോടി രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) നിലവിൽ തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിനു കീഴിൽ ഏതൊക്കെ റോഡുകളുടെ പ്രവൃത്തി നടന്നു വരുന്നുണ്ടെന്നും ഓരോ പ്രവൃത്തിയും ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ ? | (സി) | 1. തലശ്ശേരി കോടിയേരി റോഡ് രണ്ടാം ഘട്ടം (ബി.എം.& ബി.സി) ഡ്രെയിൻ പ്രവൃത്തി പൂർത്തീകരിച്ചു. ഫോർമേഷൻ പ്രവൃത്തി പുരോഗതിയിലാണ്.<br>2. ന്യൂ ബസ് സ്റ്റാൻഡ് എ.വി.കെ നായർ റോഡിൽ കി.മീ. 0/000-0/173 വരെ ഇന്റർലോക്ക് ചെയ്യുന്ന പ്രവൃത്തി- ടെണ്ടർ ചെയ്തു.<br>3. ടൂറിസം-കൊടുവള്ളി ജംഗ്ഷൻ മുതൽ മാഹിപ്പാലം വരെ ബൈപ്പാസ് നിർമ്മാണം (ഓവുചാൽ കൽവർട്ട് നിർമ്മാണവും 4 കി.മി ബി.എം.& ബി.സി പ്രവൃത്തിയും പൂർത്തീകരിച്ചു).<br>4. തലശ്ശേരി ഹെറിറ്റേജ് സർക്ക്യൂട്ട് ടൂറിസം പദ്ധതി-ഹോളോവെ അഭിവൃദ്ധിപ്പെടുത്തൽ- കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ സ്ഥാപിച്ചതു മൂലമുണ്ടായ കേടുപാടുകൾ അറ്റകുറ്റപ്പണി നടത്തി- സബ് ബേസ് പ്രവൃത്തി ആരംഭിച്ചു.<br>5. തലശ്ശേരി അസംബ്ലി മണ്ഡലത്തിൽക്കൂടി കടന്നുപോകുന്ന കെ.എസ്.ടി.പി രണ്ട് പദ്ധതിയിൽ ഉൾപ്പെടുന്ന 54 കി.മി നീളം വരുന്ന തലശ്ശേരി-വളവുപാറ റോഡിന്റെ വികസനത്തിനായുള്ള പ്രവൃത്തി 235 കോടി രൂപയ്ക്ക് കരാർ നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ